പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2220 08.03.2017-ൽ മറുപടിയ്ക്ക്

## കേപ്പ്-ന്റെ നിയന്ത്രണത്തിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.മുരളീധരൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേപ്പ്-ന്റെ നിയന്ത്രണത്തിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലെത്ര മെറിറ്റ് സീറ്റുകളാണുള്ളത് ; അത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ; | (എ) | 1448 മെറിറ്റ് സീറ്റുകളാണുള്ളത്.<br><br>മെറിറ്റ് സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ട്. മെറിറ്റ് സീറ്റുകളിൽ 60 എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | എൻ.ആർ.ഐ. ക്വാട്ടയിൽ കുറവുവരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | തീരുമാനിച്ചിട്ടുണ്ട്. 18.01.2017-ലെ ജി.ഒ. (ആർ.റ്റി.)നം. 29/2017/സഹ ഉത്തരവു പ്രകാരം സഹകരണ മേഖലയിലെ ജീവനക്കാരുടെ മക്കൾക്ക് 10% സീറ്റ് സംവരണം നൽകുന്നതിലേക്കായി 2017-18 അദ്ധ്യയനവർഷം മുതൽ മെറിറ്റ്/ മാനേജ്മെന്റ്/എൻ.ആർ.ഐ. സീറ്റുകൾ 50:35:15 എന്ന അനുപാതത്തിൽ നിന്നും 60:35:5 എന്ന് പുനഃക്രമീകരിച്ചിട്ടുണ്ട്. |
| (സി) | സ്വാശ്രയ കോളേജുകൾ ഈടാക്കിക്കൊണ്ടിരിക്കുന്ന അമിത ഫീസ് കുറയ്ക്കുന്നതിനായി 2017-18 വർഷം കേപ്പ്-ന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ ഫീസ് നിരക്ക് കുറയ്ക്കുന്ന കാര്യം ആലോചിക്കുമോ? | (സി) | സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടനയാണ് കേപ്പ് ബാധകമാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ